(ഇ) ദേശീയ സമ്പാദ്യ പദ്ധതിയിൽ സമാഹരിക്കുന്ന തുകയിൽനിന്നും ജില്ലകൾക്കുള്ള വിഹിതം നല്കുന്നതിന് 1999-2000 സാമ്പത്തിക വർഷത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തു മാനദണ്ഡമനുസരിച്ചാണ് വിഹിതം നല്കുന്നതെന്ന് അറിയിക്കാമോ ;

ഉത്തരം

(എ) 1998-99 സാമ്പത്തിക വർഷത്തിൽ പത്തനംതിട്ട ജില്ലയിൽനിന്നും മൊത്തം 76.24 കോടി രൂപയും നീക്കിയിരിപ്പായി 32.57 കോടി രൂപയും സമാഹരിച്ചിട്ടുണ്ട്.

(ബി) 1998-99 സാമ്പത്തികവർഷം ജില്ലാ വികസന നിധി സ്കീം നിലവിലില്ലാത്തതിനാൽ തുക കൈമാറിയിട്ടില്ല.

(സി) മുൻ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

(ഡി) മൊത്ത നിക്ഷേപമായി 88.78 കോടി രൂപയും മിച്ച നിക്ഷേപമായി 34.81 കോടി രൂപയും സമാഹരിച്ചിട്ടുണ്ട്. താലൂക്കു തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല. കാരണം ജില്ലയിലെ ഹെഡ് പോസ്റ്റ് ഓഫീസുകൾ തിരിച്ചുള്ള കണക്കാണ് ഇന്ത്യാ ഗവൺമെന്റ് സംസ്ഥാന സർക്കാരിനു നല്കുന്നത്.

(ഇ) ജില്ലകൾക്ക് വിഹിതം നല്കുന്ന പദ്ധതി ഇപ്പോൾ നിലവിലില്ല.

നാഷണൽ സേവിംഗ്സ് വകുപ്പിലെ നിയമനങ്ങൾ

46 (2759) ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ സേവിംഗ്സ് വകുപ്പ് ഗവൺമെന്റ് വകുപ്പാണോ ;

(ബി) ആണെങ്കിൽ ഈ വകുപ്പിലെ നിയമനങ്ങൾ പി.എസ്.സി. വഴിയാണോ നടത്തുന്നത് ;

(സി) അല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്ത് ;

(ഡി) ഈ വകുപ്പിലേയ്ക്കുള്ള നിയമനങ്ങൾ പി.എസ്.സി. നടത്താത്ത പക്ഷം അത് എപ്രകാരമാണ് നടത്തുന്നതെന്ന് പറയാമോ ;

(ഇ) ഈ വകുപ്പിന് സ്പെഷ്യൽ റൂൾസ് ഉണ്ടാക്കിയിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ ഈ വകുപ്പിലെ ഗസറ്റഡ് തസ്തികകളിലേക്കുള്ള നിയമനരീതി എന്തെന്നു പറയാമോ ;

(ജി) ഈ വകുപ്പിലെ ഗസറ്റഡ് ഉദ്യോഗസ്ഥന്മാരുടെ ജാതി തിരിച്ച ലിസ്റ്റ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) അതെ

(ബി) അല്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) നിയമനം പി.എസ്.സി. യ്ക്കു വിട്ടിട്ടില്ല.

(ഡി) നാഷണൽ സേവിംഗ്സ് വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർമാരെ സ്പെഷ്യൽ റൂൾസിന്റെ അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴിയും നേരിട്ടും സപ്പോർട്ടിംഗ് സ്റ്റാഫിനെ സെക്രട്ടേറിയറ്റ് ധനകാര്യ വകുപ്പിൽനിന്നുമാണ് നിയമിക്കുന്നത്.

(ഇ) ഉണ്ട്.

(എഫ്) തസ്തികമാറ്റം വഴി വികസന വകുപ്പിൽനിന്ന് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർമാർ, ജനറൽ എക്സ്റ്റൻഷൻ ഓഫീസർമാർ, റവന്യൂ വകുപ്പിൽ നിന്ന് തഹസീൽദാർമാർ, ഡെപ്യൂട്ടി തഹസീൽദാർമാർ, സെക്രട്ടേറിയറ്റിൽനിന്ന് സീനിയർ ഗ്രേഡ് അസിസ്റ്റന്റുമാർ എന്നിവരെയും ബാക്കി നേരിട്ടും 1: 1: 1: 1 എന്ന അനുപാതത്തിൽ നിയമിക്കുന്നു.

(ജി) വിവരം ശേഖരിച്ചുവരുന്നു. ഗസറ്റഡ് ഉദ്യോഗസ്ഥന്മാരിൽ 10 പേർ മുന്നോക്ക ജാതിക്കാരും 16 പേർ മറ്റു പിന്നോക്ക ജാതിക്കാരും 4 പേർ പട്ടിക ജാതിക്കാരുമാണ്.

നാഷണൽ സേവിംഗ്സ് അച്ചടിച്ച ഡയറി

47 (2760) ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ സേവിംഗ്സ് വാലറ്റ്-2000-ലും സ്റ്റാൻഡേർഡ് ഡയറി 2000-ലും എത്ര വീതം അച്ചടിച്ചിട്ടുണ്ട് ;

(ബി) ഇതിലേയ്ക്ക് എത്ര രൂപ ചെലവായി ;

(സി) ഇവ വിതരണം ചെയ്തതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷം ദേശീയ സമ്പാദ്യ പദ്ധതിയുടെ കളക്ഷൻ ടാർജറ്റ് നേടിയ ജില്ലകൾ ഏതെല്ലാം ; പ്രസ്തുത ജില്ലകൾക്ക് എത്ര വീതം ഡയറികൾ വിതരണം ചെയ്തിട്ടുണ്ട് ;

(ഇ) കളക്ഷൻ ടാർജറ്റ് നേടാത്ത ജില്ലകൾക്ക് ഇത് നേടിയ ജില്ലകളെക്കാളും കൂടുതൽ ഡയറി കൊടുക്കാനുള്ള സാഹചര്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ബാലറ്റ് 2000 - 50,000 എണ്ണവും സ്റ്റാൻന്റേർഡ് ഡയറി 2000- 8500 എണ്ണവും അച്ചടിച്ചിട്ടുണ്ട്.

(ബി) 6,78,300 രൂപ.

LIBRARY ARCHIVES Kerala Legislative Assembly